"യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവനു എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും"

(സങ്കീർത്തനം.116: 12£13)

ദീർഘവർഷങ്ങളായി കുവൈറ്റിന്റെ പ്രദേശത്ത് ജോലി സംബന്ധമായി ആയിരിഷാനും ദൈവീക കൂട്ടായ്മയിൽകൂടി ദൈവീക സ്നേഹം പങ്കുവെയ്ക്കുവാനും ഇടയാക്കിയ സർവ്വശക്തനായ ദൈവത്തെ സ്തുതിക്കുകയും സ്തോത്രം ചെയ്യുകയും ചെയ്യുന്നു. ദൈവീക സ്നേഹത്തിൽ ബന്ധിക്കപ്പെട്ടവർ സ്ഥിരതാമസത്തിനായി സ്വദേശത്തേക്കു മടങ്ങി വരുന്ന സാഹചര്യത്തിൽ ആ ബന്ധം കൂടുതൽ ഊഷ്മളതയോടെ തുടരേണ്ടത് ആവശ്യമാണു. എന്നാൽ ഭൂമിയെ ആകമാനം ഗ്രസിച്ച കോവിഡ്-19 എന്ന മഹാമാരിമൂലം 2020, 2021 വർഷങ്ങളിൽ അപ്രകാരം ഒരു കൂട്ടായ്മ സ്വദേശത്തു ആരംഭിക്കുവാൻ സാധിച്ചില്ല.

ഇമ്മാനുവേൽ മാർത്തോമ്മാ പാരീഷ്, അഹ്മദി, കുവൈറ്റിന്റെ ഹോംലാന്റ് ഫെലോഷിഷ് 2022 ജൂലൈ മാസം 19-ാം തീയതി, ചൊവ്വാഴ്ച, പ്രഥമ മീറ്റിംഗ് ആയി തിരുവല്ല കൊമ്പാടിയിലുള്ള AMM **Bible Institute**-ലെ ചാഷലിലും ഹാളിലുംവെച്ചു നടന്നു. രാവിലെ 8.00 മണിക്കു ബഹുമാനപ്പെട്ട ബിജു സാം അച്ചന്റെ കാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബ്ബാന ശുശ്രൂഷയിൽ ഏകദേശം 60 പേർ പങ്കെടുത്തു. പ്രഭാത ഭക്ഷണത്തിനു ശേഷം ഹോംലാന്റ് ഫെലോഷിപ്പിന്റെ യോഗം രാവിലെ 10.45ന് ബഹുമാനപ്പെട്ട ബിജു സാം അച്ചന്റെ മഹനീയ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട വെരി.റവ.ഡോ.സി.കെ.മാത്യു, റവ.പി.സി.സജി എന്നിവരുടെ സാന്നിദ്ധ്യത്തിലും നടന്നു.

വചനശുശ്രൂഷയ്ക്കു ശേഷം താഴെപ്പറയുന്നവരെ 2022/2023 വർഷത്തേക്കുള്ള **IMTC Homeland Fellowship** കമ്മിറ്റിയിലേക്കു തിരഞ്ഞെടുത്തു:-

| | | |
|---|---|---|
| **President** | : | **Rev.Biju Sam** |
| **Vice-President** | : | **Mr.Varghese George** |
| **Secretary** | : | **Mr.Thomas Abraham** |
| **Treasurer** | : | **Mr.Sunny Easow** |
| **Prayer cell convener** | : | **Mr.P.V.Varghese** |

**Committee Members:-**

1. Very Rev.Dr.C.K.Mathew
2. Mr.Abraham.K.Jacob
3. Mr.Arun Thomas
4. Mr.George Varghese
5. Mr.Prasad George
6. Mr.Zachariah Kuruvilla
7. Mr.Thomas Skaria (IMTC Representative)

# Refresher Meetings (Year 2022/2023)

1. തന്നാണ്ടത്തെ പ്രഥമ റിഫ്രഷർ മീറ്റിംഗ് 2022 ഡിസംബർ 2-ാം തീയതി, വെള്ളിയാഴ്ച്ച, രാവിലെ 10 മണി മുതൽ ഉച്ച കഴിഞ്ഞു 12.30 വരെ കോട്ടയത്തു കഞ്ഞിക്കുഴിയിലുള്ള ശ്രീ. P. V.Varghese-ന്റെ വില്ലയുടെ Club House ൽ വെച്ച് ബഹുമാനപ്പെട്ട ബിജു സാം അച്ചന്റെ മഹനീയ അദ്ധ്യക്ഷതയിൽ നടന്നു. സുവി.ജോളി മാരാമൺ വചന ശുശ്രൂഷ നിർവഹിച്ചു.
2. രണ്ടാമത് റിഫ്രഷർ മീറ്റിംഗ് 2023 ഫെബ്രുവരി 14-ാം തീയതി, ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെ മാരാമണ്ണിലുള്ള ശ്രീ. ലാലൻ ജേക്കബിന്റെ വസതിയിൽവെച്ചു ബഹു.ബിജു സാം അച്ചന്റെ മഹനീയ അദ്ധ്യക്ഷതയിലും വെരി.റവ.ഡോ.സി.കെ.മാത്യു വിന്റെ സാന്നിദ്ധ്യത്തിലും നടത്തപ്പെട്ടു.

2022/2023- ലെ വാർഷിക യോഗം 2023 ആഗസ്റ്റ് 15, ചൊവ്വാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞു 01.30 വരെ സഭയുടെ പുനലൂരിലുള്ള ദയറാ ആശ്രമത്തിൽവെച്ചു ബഹുമാനപ്പെട്ട ബിജു സാം അച്ചന്റെ മഹനീയ അദ്ധ്യക്ഷതത്തിലും ബഹുമാന്യരായ. P.Philip അച്ചൻ, Ajin.P. Raju അച്ചൻ എന്നിവരുടെ സാന്നിദ്ധ്യത്തിലും നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്നവരെ 2023/2024-ലെ ഭാരവാഹികളായി തിരഞ്ഞെടുത്തു.

| | | |
|---|---|---|
| **President** | **:** | **Rev.Biju Sam** |
| **Vice-President** | **:** | **Mr.Sunny Easow** |
| **Treasurer** | **:** | **Mr.Varghese George** |
| **Secretary** | **:** | **Thomas Abraham** |
| **Prayer Cell Convener** | **:** | **Mr.P.V.Varghese** |

**Committee Members:-**

1. **Mr.Arun Thomas**
2. **Mr.George Abraham**
3. **Mr.Varghese Thomas Vettathu**
4. **Mr.Sinu Kunjappy**
5. **Mrs.Aleyamma Thomas**
6. **Mrs.Mini Varghese Vettathu**
7. **One Representative from IMTC-Kuwait**
8. **Mr.Subi Koshy –Auditor**

# Refresher Meeting (Year 2023/2024)

2023/2024 വർഷത്തെ ഒന്നാമതു റിഫ്രഷർ മീറ്റിംഗ് 2023 ഡിസംബർ 29-ാം തീയതി വെള്ളിയാഴ്ച്ച രാവിലെ 10 മണി മതൽ ഉച്ചകഴിഞ്ഞ് 12.30 വരെ ബഹു മാനപ്പെട്ട ബിജു സാം അച്ചന്റെ മഹനീയ അദ്ധ്യക്ഷതയിൽ കറ്റാനം **St.Thomas** ഇടവകയുടെ പാഴ്സനേജിൽവെച്ചു നടന്നു. ഈ കൂട്ടായ്മ യിൽ അഭിവന്ദ്യ മാത്യൂസ് മാർ സെറാഫീം എപ്പിസ്കോപ്പാ മുഖ്യാതിഥി ആയി രുന്നു. ബഹുമാന്യരായ ജയിംസ് ഇടിക്കുള, ബിനോയ് ഏബ്രഹാം എന്നീ പട്ട ക്കാരുടെയും വൈദീക വിദ്യാർത്ഥികളായ നിതിൻ, അലൻ, ,ഷരോൺ, എന്നീ വരുടെയും സാന്നിദ്ധ്യം വളരെ അനുഗ്രഹമായിരുന്നു.

പ്രസ്തുത യോഗത്തിൽ നവാഭഷിക്തനായ മാത്യുസ് മാർ സെറാഫീം എപ്പി സ്കോപ്പായെ (അടൂർ ഭദ്രാസനാദ്ധ്യക്ഷൻ) അനുമോദിക്കുകയും എല്ലാവിധ ഭാവുകങ്ങളും നേരുകയും ചെയ്തു. അഭിനന്ദ്യ തിരുമേനി അനുഗ്രഹ പ്രഭാ ഷണം നടത്തുകയും ബഹു.ജയിംസ് ഇടിക്കുള അച്ചൻ വചന ശുശ്രൂഷ നിർവഹിക്കുകയും ചെയ്തു.

## സാാമ്പത്തിക സഹായം

രോഗികളായോ, അപകടങ്ങളിൽപെട്ടോ ചിതിത്സയിലായിരിക്കുന്ന മുൻ അംഗ ങ്ങൾ/ നിലവിലെ അംഗങ്ങൾ എന്നിവർക്കു അർഹതക്കനുസരിച്ച് സാമ്പത്തിക സഹായം നല്കി വരുന്നു. കൂടാതെ പുനലൂർ ദയറാ ആശ്രമത്തിനും സാമ്പ ത്തിക സാഹായം നല്കി.

## ആദരാഞ്ജലികൾ:-

കർത്തൃസന്നിധിയിലേക്കു വാങ്ങിപ്പോയ മുൻ ഇടവക വികാരി ബഹുമാനപ്പെട്ട വർഗ്ഗീസ് എം.തോമസ് അച്ചന്റെയും, കമ്മിറ്റി മെമ്പറായിരുന്ന പ്രിയ, ജോർജ്ജ് വർഗീസ് (കുമ്പനാടു) എന്നിവരുൾപ്പെടെ എല്ലാവരുടെയും ഭവനങ്ങൾ സന്ദർശിച്ച് അനുശോചനം അറിയിച്ചു.